സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

കീമോതെറാപ്പി/റേഡിയേഷൻ എന്നിവയ്ക്ക് വിധേയരാകുന്നവരുടെ സ്പെഷ്യൽ കാഷ്വൽ ലീവ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ആർ.ഒ.സി. 6486/16/എസ്റ്റാ-2 നന്തൻകോട്, 08-02-2019

---

പരാമർശം :- 1) 25-06-2016 ലെ മേൽ നമ്പർ ഉത്തരവ്.

2) 09-09-2013 ലെ G.O(P) 447/2013/Fin ഗവൺമെന്റ് ഉത്തരവ്.

3) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 31-12-2018 ലെ 845/18/E-1 നമ്പർ റിമാർക്ക്സ്.

## ഉത്തരവ്

കീമോതെറാപ്പി/റേഡിയേഷൻ/ഹൃദയ ശസ്ത്രക്രിയ/വൃക്ക മാറ്റി വയ്ക്കൽ എന്നിവയ്ക്ക് വിധേയരാകുന്നവർക്ക് 45 ദിവസത്തെ സ്പെഷ്യൽ കാഷ്വൽ ലീവ് (പൊതു അവധി ദിവസങ്ങൾ ഒഴികെ) അനുവദിച്ചുകൊണ്ടുള്ള ഗവൺമെന്റ് ഉത്തരവ് ദേവസ്വം ബോർഡിൽ പ്രാബല്യത്തിൽ വരുത്തി ഉത്തരവായി ട്ടുണ്ട് (പരാമർശം -1).

ക്യാൻസർ ചികിത്സയ്ക്ക് കീമോതെറാപ്പി/റേഡിയേഷന് വിധേയരാകുന്നവർക്ക് ഒരു കലണ്ടർ വർഷം 6 മാസം വരെ KSR Part I Appendix VII Rule 19 ലെ വ്യവസ്ഥകൾക്ക് വിധേയമായി സ്പെഷ്യൽ കാഷ്വൽ ലീവ് നൽകുന്നതിന് അനുവദിച്ചുകൊണ്ടുള്ള പരാമർശം 2 ഗവൺമെന്റ് ഉത്തരവ് 2013 മുതൽ നിലവിലുള്ളത് കണക്കിലെടുത്ത് പരാമർശം 1 ഉത്തരവ് ഭേദഗതി ചെയ്ത് കീമോതെറാപ്പി/റേഡിയേഷൻ എന്നിവയ്ക്ക് വിധേയരാകുന്നവർക്ക് പരമാവധി 180 ദിവസത്തെ അവധിയ്ക്ക് 25-06-2016 മുതൽ പ്രാബല്യം നൽകാവുന്നതാണെന്ന് ദേവസ്വം അക്കൗണ്ട്സ് ആഫീസർ അഭിപ്രായപ്പെട്ടിട്ടുള്ളതാണ് (പരാമർശം -3).

ആയത് ബോർഡ് വിശദമായി പരിശോധിച്ച് ചർച്ച ചെയ്ത് പരാമർശം 1 ഉത്തരവ് ഭേദഗതി ചെയ്ത് കീമോതെറാപ്പി/റേഡിയേഷൻ എന്നിവയ്ക്ക് വിധേയരാകുന്നവർക്ക് വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 180 ദിവസത്തെ അവധിയ്ക്ക് 25-06-2016 മുതൽ പ്രാബല്യം നൽകി ബോർഡ് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

(മറുപുറം)

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ (ജനറൽ)
3. ചീഫ് എഞ്ചിനീയർ
4. ജോയിന്റ് ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്
5. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
6. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
7. ഡയറക്ടർ, സാംസ്കാരിക-പുരാവസ്തു വിഭാഗം
8. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
9. ഇ.ഡി.പി. സെക്ഷൻ
10. സെക്ഷൻ ഫയൽ
11. ഫയൽ ബുക്ക്
12. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

Rasim

അസിസ്റ്റന്റ് സെക്രട്ടറി

SK